

# ഉയരങ്ങളിലേക്ക്

നെടിയനാട് എ.യു.പി. സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025–26



## നെടിയനാട് എ.യു.പി സ്കൂൾ

**കൊടുവള്ളി ഉപജില്ല**

**താമരശ്ശേരി വിദ്യാഭ്യാസജില്ല**

**കോഴിക്കോട് ജില്ല**

# گلشن

# اردو

# അറബിക്

 അന്തർ ദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പംനിൽക്കുന്നതും ലോക ഭാഷകളിൽ മൂന്നാസ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ രാജ്യത്തിന്ന് ഒട്ടനവാധി സംഭാവനകൾ നിൽകിട്ടുള്ള വിദേശഭാഷകളിൽ ശ്രദ്ദേയമായ ഭാഷ. ഇതിലെ ചിലവാക്കുകളുംപ്രയോഗങ്ങളും  നമ്മുടെ നിത്യജീവിതത്തിൽ ഇടംനേടിയിട്ടുണ്ട്. സമ്പന്നമായ കലാ സാഹിത്യ പാരമ്പര്യങ്ങളാലും ഈ  ഭാഷ അനുഗ്രഹീതമാണ്. കുമാരനാശാന്റെ വീണപൂവ് , ശ്രീ നാരായണഗുരുവിന്റെ ദൈവദശകം, തകഴിയുടെ ചെമ്മീൻ തുടങ്ങിയവ അറബി ഭാഷയിൽ ലഭ്യമാണ്.

നമ്മുടെ  വിദ്യാലയങ്ങളിൽ മറ്റു വിഷയങ്ങൾക്കൊപ്പം ഇഴ ചേർന്നു അറബി ഭാഷയും അധ്യായനം നടത്തപ്പെടുന്നു. ഭാഷാധ്യായന മേഖലയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷ സ്വായത്തമാക്കാനുള്ള വ്യത്യസ്ത വഴികൾ ഉണ്ടാക്കുകയെന്നത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| അറബി ഭാഷാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക ഓരേ പോലുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി ഉപയോഗിക്കാൻ സാധിക്കുക, രൂപപ്പെടുത്തുക | കൈത്താങ്ങ് ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന വർക്കു വേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്മാര്ട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, കാർഡുകൾ, നിറം നൽകൽ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്ന പിന്നോക്കം നിൽക്കുന്ന | 3 മാസം | പുസ്തകങ്ങൾ കാർഡുകൾ |

| | | | |
|---|---|---|---|
| | കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുക്കയും എഴുത്തും വായനയും പരിപോഷിപ്പിക്കുന്നു. | | |
| അറബിഭാഷാശേഷി വർദ്ധിപ്പിക്കുക.<br><br>പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയപദം പരിചയപ്പെടൽ ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്ക് പുറമെ അഞ്ച് വാക്കുകൾ കഥ, കവിത, എന്നിവയിൽ നിന്നൊക്കെ ശേഖരണത്തിന് സാഹചര്യമുണ്ടാക്കുന്നു. സംഭാഷണങ്ങൾ, പാഠഭാഗ ചിത്രീകരണം,കൂട്ടത | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ കാർഡുകൾ |

| | | | |
|---|---|---|---|
| | ൽ പ്രവർത്തനങ്ങൾ നടത്തുന്ന വർക്ക് സമ്മാനം നൽകുന്നു.ദൈനംദി നകാര്യങ്ങളിൽ വരുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. | | |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയു ം ഭാഷ ശേഷി വർദ്ധിപ്പിക്കുകയു ം ചെയ്യുക. | മാസത്തിലൊരിക്ക ൽ ക്ലാസ് തലത്തിൽ വായനാ മത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകൽ, പ്രോജക്റ്റർ ഉപയോഗിച്ച് മാസത്തിലൊരിക്ക ൽ പാഠ പുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുക | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ പുസ്തകങ്ങൾ |
| അറബി ഭാഷാ ആശയങ്ങളും | യൂണിറ്റ് തല നിഘണ്ടു | 6 മാസം | |

| | | | |
|---|---|---|---|
| പദങ്ങളുടെ അർത്ഥവും കുട്ടികളിലേക്ക് എത്തിക്കുക. | നിർമ്മാണം<br><br>ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥസഹിതം എഴുതുകയും അവസാനം പ്രിന്റ് ചെയ്ത PDF കുട്ടികൾക്ക് നൽകുക. | | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുക. | കഥ, പ്രസംഗം, ഗാനം, വാർത്തകൾ അവതരിപ്പിക്കുന്നു. | ഒരു വർഷം | |
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കഴിവ് വളർത്തുന്നതിന് | അറബിടൈപ്പിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ ഹർകത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് | 6 മാസം | ലാപ്പ്,കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക. |

| | | | |
|---|---|---|---|
| വേണ്ടി | കുട്ടികക്ക് പഠിപ്പിക്കുക. | | |
| ലോക ഭാഷയായ അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br><br>മുന്നറിവ് പരിശോധിക്കൽ<br><br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br><br>വാചകങ്ങൾ നിർമ്മിക്കൽ<br><br>ഭാഷാ കളികൾ സമയം<br>സീഡികൾ<br>പിന്തുണയ/ സാമ്പത്തികം | 2 മാസം | പുസ്തകങ്ങൾ, വർക്ക് ഷീറ്റുകൾ, |
| കരിക്കുലം ലക്ഷ്യം | വായനാ വസന്തം ക്ലാസ് ലൈബ്രറി, | 6 മാസം | പത്രങ്ങൾ മാഗസിനുകൾ |

| | | | |
|---|---|---|---|
| വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക | സ്കൂൾ ലൈബ്രറി, വാട്സ് ആപ്പ് (വായന, വായന കുറിപ്പുകൾ അറബിക്ക് പത്രവായന / റേഡിയോ. | | പുസ്തകങ്ങൾ സ്കൂൾലൈബ്രറ ി |
| വായനയിലൂടെയു ം ഭാഷയിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്ന തിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | എഴുത്തുകൂട്ടം<br><br>പതിപ്പുകളുടെ നിർമ്മാണം.<br><br>വായന കുറിപ്പ് ശേഖരണം<br><br>മാഗസിൻ<br>ചുമർപത്രങ്ങൾ, പോസ്റ്ററുകൾഭാഷാ കളികൾ | 12 മാസം | അസംബ്ലി ചാർട്ടുകൾ പത്രങ്ങൾ |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | **വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.)** | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| **3** | **ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ലബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

Downloaded from: https://textbooksall.blogspot.com/

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |



# സൂത്രരഹസ്യം

## ഗണിതം
## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 -26

## NEDIYANAD A.U.P SCHOOL

Name of the Teachers:
AISWARYA.S
HANI ALTHAF

# ഗണിത ശാസ്ത്രം

സംഖ്യകളുമായുള്ള ചങ്ങാത്തം പലർക്കും അപ്രാപ്യമാണ്. ഗണിതം മിക്ക വിദ്യാർത്ഥികളുടെയും സങ്കല്പത്തിൽ ഒരു ബാലി കേറാമലേയും ദുർഗടവും ദുർഗവും ആയ  ഒരു ശാസ്ത്ര മേഖലയാണ്. കളികളിലൂടെ കാര്യം പറഞ്ഞ് കണക്കിന്റെ വിസ്മയ ലോകത്തേക്ക് നയിച്ചാൽ ഗണിതം കുട്ടികൾക്ക് വിസ്മയ ചെപ്പായി മാറുന്നു.  ഗണിതം പ്രത്യേകതകൾ ഏറെയുള്ള ശാസ്ത്രമാണ്. അത് സൂക്ഷ്മതയുടെയും കൃത്യതയുടെയും ശാസ്ത്രമാണ്.

നിത്യ ജീവിതത്തിൽ പ്രയോഗിക്കാൻ കഴിയും വിധം കുട്ടികളുടെ നൈപുണ്യം വികസിപ്പിക്കൽ ആക്കണം ഗണിത വിദ്യാഭ്യാസം. എല്ലാവർക്കും ഗണിത പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കഴിയും വിധം പ്രവർത്തനങ്ങൾ കൊടുക്കേണ്ടതാണ്. യാന്ത്രികമായ രീതിയില്ലാതെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട് രസകരമായ രീതിയിൽ ഗണിത പഠനം കുട്ടികളിൽ എത്തിക്കാനുള്ള വേണ്ട പ്രവർത്തനങ്ങൾ നൽകുന്നതിനാണ് ഗണിതജാലകം ശ്രമിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| • അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്ന | • **ഗണിത ശില്പശാല**<br><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്ന | • ജൂൺ മാസം | • ഗണിത അധ്യാപകൻ |
| • രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | • **ഒറിഗാമി ശില്പശാല**<br><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള | • വർഷത്തിൽ ഒരു പ്രാവശ്യം | • ഗണിത അധ്യാപകൻ |

| | | | |
|---|---|---|---|
| | പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | | |
| • ഗണിതം മധുരമാക്കൽ | • **ഗണിതം മധുരമാക്കൽ**<br><br>ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മാഗസിൻ നിർമ്മാണം, Puzzle Game | • ഒരു പ്രാവശ്യം | • ഗണിത അധ്യാപകൻ |

| | | | |
|---|---|---|---|
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | • **ഐസിടി സാധ്യതകളിലൂടെ**<br><br>ജാമിതീയ രൂപങ്ങൾ, ചതുഷ്കീയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | • മാസത്തിൽ ഒരു പ്രാവശ്യം | • ഗണിത അധ്യാപകൻ |
| • ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | • HELPING HAND<br><br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകൻ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | • മാസത്തിൽ ഒരു പ്രാവശ്യം | • ഗണിത അധ്യാപകൻ<br>• ക്ലബ്ബ് ലീഡർ |

| | | | |
|---|---|---|---|
| | താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യൽ | | |
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക | • **ഗണിത ജാലകം**<br><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | • ആഴ്ചയിൽ ഒരു പിരീഡ് | • ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |



# ഞാനും ഗ്ലോബും

## സോഷ്യൽ സയൻസ്
## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 -26

**NEDIYANAD A.U.P SCHOOL**


Name of the Teachers:
NAHEEDA KP
HANI ALTHAF

# സാമൂഹ്യ ശാസ്ത്രം

പൊതുവിദ്യാഭ്യാസ ശാക്തീകരണം ചർച്ചയായി കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമൂഹ്യശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം ദിവസം തോറും വർദ്ധിച്ച കൊണ്ടിരിക്കുകയാണ്. സാമൂഹ്യബോധവും പ്രതിബദ്ധതയും ഉള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ട ബാധ്യത അധ്യാപകർക്കും പൊതുവിദ്യാലയങ്ങൾക്കും ഉണ്ട്.

ശാസ്ത്ര സാങ്കേതിക മേഖലകളിലെ ദ്രുതഗതിയിലുള്ള പുരോഗതി മനുഷ്യ ജീവിതത്തിൽ സ്വപ്നതുല്യമായ മാറ്റങ്ങൾ വരുത്തുമ്പോഴും സാമൂഹ്യമേഖലകളിൽ മനുഷ്യന്റെ ഇടപെടലുകളും പങ്കാളിത്തവും കുറഞ്ഞു വരികയും ഗ്രാമീണ മേഖലകളിൽ പോലും പൊതുജനങ്ങൾ ഇല്ലാതാവുകയും സമൂഹം കേവലം ആൾക്കൂട്ടങ്ങൾ ആയി മാറുകയും ചെയ്യുന്നു.സമൂഹ ബന്ധങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത പരസ്പരബന്ധവും വിശ്വാസവും നഷ്ടപ്പെട്ട് മനുഷ്യത്വത്തിന് മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ദുഃഖകരമായ വസ്തുത നാം കണക്കിലെടുക്കേണ്ടതുണ്ട്. ഇത്തരം അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുന്ന സമീപനങ്ങൾ ഉണ്ടായാൽ സാമൂഹ്യശാസ്ത്ര പഠനം അർത്ഥപൂർണ്ണമാവുകയുള്ളൂ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|---|
| പഠിതാക്കളെ ചരിത്രവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് താജ് മഹൽ ചെങ്കോട്ട ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| സമത്വം സൃഷ്ടിക്കുക<br>നീതിയും ന്യായവും അംഗീകരിക്കുക<br>സാമ്പത്തിക വികസനം സംരക്ഷിക്കുക | **പ്രൊജക്റ്റ്**<br><br>ഇന്ത്യയിൽ ഇന്നുവരെ നടത്തിയ ഭരണഘടന ഭേദഗതികളെ കുറിച്ച് പ്രൊജക്റ്റ് തയ്യാറാക്കൽ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങളുടെ ചരിത്രബോധം പഠിതാക്കളെ വളർത്തുന്നു | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| നിയമങ്ങൾ മനസ്സിലാക്കാൻ<br>നിയമങ്ങളുടെ പ്രവർത്തനം വിധി പരിശോധിക്കാൻ<br>ആരും നിയമത്തിന് അതീതരല്ലെന്ന് ബോധം ഉണ്ടാക്കാൻ | **നിയമ ബോധവൽക്കരണ ക്ലാസ്**<br>നിയമവാഴ്ചയുടെ പ്രാധാന്യത്തെ കുറിച്ചും വിവിധ നിയമങ്ങളെ കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| സ്വന്തം നാടിനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചു ബോധമുണ്ടാക്കാൻ | **ഞാനും എന്റെ നാടും**<br>പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് ഹൈസ്കൂൾ തലത്തിലേക്ക് പോകുന്ന ഒരു വിദ്യാർത്ഥി സ്വന്തം | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| ▪ നാടിന്റെ സമീപപ്രദേശങ്ങളെ കുറിച്ചുള്ള ധാരണ | നാടിനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും തികച്ചും ബോധവാനായിരിക്കാൻ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു | | |
| ▪ അനുഭവങ്ങളുടെ പ്രാധാന്യത്തെ പിന്തുണയ്ക്കുക<br>▪ ക്ലാസ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക | ▪ **ക്ലാസ് ഭരണഘടന**<br><br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ▪ നവംബർ | ▪ സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| വിഷയത്തിന്റെ വിശദീകരണം<br>പഠനത്തിന്റെ വിവരങ്ങൾ നൽകുക<br>ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക<br>പ്രകടനങ്ങൾ സൃഷ്ടിക്കുക | **സെമിനാർ**<br><br>ദാരിദ്ര്യ നിർമ്മാർജന പദ്ധതികളും ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ | **പോക്സോ ബോധവൽക്കരണ ക്ലാസ്**<br><br>കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്ന | ജനവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| സംരക്ഷിക്കുന്നതിനു ള്ള നിയമമാണ് ബോക്സ് നിയമം | വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ പരിപാടി | | |
| ദാരിദ്ര്യ നിർമാർജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെ ന്ന് മനസ്സിലാക്കുന്നതിന് | **അഭിമുഖം**<br><br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

# സയൻഷ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പ്രാദേശിക ജൈവവൈവിധ്യങ്ങളുടെ പതിപ്പ് നിർമ്മാണം, ഔഷധത്തോട്ടം, പച്ചക്കറി തോട്ടം<br>2 അറിവ് തേടി ഒരു യാത്ര ആവാസവ്യവസ്ഥ കൾ , ശാസ്ത്ര മ്യൂസിയങ്ങൾ പ്രകൃതിരമണീയമായ സ്ഥ ലങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ , കാർഷിക ക്ലബ് | കാർഷിക ക്ലബ് |
| 2 ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | 1 കുട്ടിശാസ്ത്രജ്ഞ ൻമാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട കുട്ടികളുടെ വീടുകളിൽ ശാസ്ത്ര കോർണർ നിർമ്മാണം<br>2 വിവിധ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കുട്ടികൾ പരീക്ഷണങ്ങളും കണ്ടുപിടിത്തങ്ങളും മാതൃകകളും അവതരിപ്പിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

| | | | |
|---|---|---|---|
| 3 ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | 3 ശാസ്ത്രലോകത്തിന്റെ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുക<br>4 ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br>5 ശാസ്ത്ര അവബോധം വളർത്താൻ ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br>6 ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം<br>7 പാഠഭാഗവുമായി ബന്ധപ്പെട്ട അസൈമെൻറ്<br>8 ലഹരി മുക്ത ഗ്രാമം ആരോഗ്യ ക്ലാസുകൾ ബോധവൽക്കരണ ക്ലാസുകൾ റാലികൾ പോസ്റ്ററുകൾ വിസ്മയം ഹൈ സിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| 4 പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണലോത്സകത വർദ്ധിപ്പിക്കൽ | Atal Thinkering laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. ഇലക്ട്രോണിക് റോബോട്ടിംഗ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| | |
|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനും ആയി മരങ്ങൾ വെച്ചുപിടിപ്പിക്കുന്നു.പ്രകൃതിയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ് നൽകി അവബോധം ഉണ്ടാക്കുന്നു |
| ജൂലൈ 1 | വ്യക്തി ശുചിത്വത്തെക്കുറിച്ചും വ്യക്തിഗതആരോഗ്യ പരിചരണത്തെക്കുറിച്ചും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.ഫസ്റ്റ് എയ്ഡിനെക്കുറിച്ച് ധാരണ വളർത്തി എടുക്കുന്നു. C PR പോലുള്ള ഫസ്റ്റ്എയിഡ് നെ കുറിച്ച് പഠിപ്പിക്കുന്നു |
| ജൂലൈ 21 | ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് പ്ലാനിറ്റോറിയം സന്ദർശനം.അഞ്ചാം ക്ലാസിലെ അഞ്ചാമത്തെ പാഠഭാഗവുമായി (കൈയെത്തും ദൂരത്ത് ആകാശം)ഏഴാം ക്ലാസിലെ എട്ടാമത്തെ പാഠം (ആകാശ വിസ്മയങ്ങൾ)ബന്ധപ്പെടുത്തി ചാന്ദ്രദിനാചരണം നടത്തുന്നു.ബഹിരാകാശ നിലയത്തിന്റെ വീഡിയോ പ്രദർശനം,ചന്ദ്രനിൽ കാലുകുത്തിയ മനുഷ്യരെ പരിചയപ്പെടൽ,ചന്ദ്രനുമായി സംഭാഷണം,ക്വിസ് മത്സരം എന്നിവ നടത്തുന്നു |
| നവംബർ 14 | സയന്റിസ്റ്റുകളെ കുറിച്ചും അവരുടെ കണ്ടുപിടിത്തങ്ങളെ കുറിച്ചും പതിപ്പ് തയ്യാറാക്കുക,സ്പെഷ്യൽ അസംബ്ലി |
| ഫെബ്രുവരി 28 | ലഘു പരീക്ഷണം,കൊളാഷ് പ്രദർശനം |